# Mixed languages Appliations in place names: A study based on ArabiMalayalam literature

**Arshida. A.T**

Toponmy is the scientific study of place names. Toponyms can provide most valuable evidence for the study of human culture and Civilization like history and archaeology. Toponymist J.J. Egli observe that, "place names derived from the intellectual characteristics of a people reflect their cultural status and development". This study mainly focuses on the topic 'mixed languages uses in place names:a study based on ArabiMalayalam literature'. ArabiMalayalam is a script developed to write Malayalam by modifying Arabic letters and its rich in multilingual forms.arabimalayalam acquired the form of a hybrid language which has adopted words from various languages like Tamil, Sanskrit, Urdu, Persian, Hindi, Arabic and English. some toponyms in active arabimalayalam literature occur in translated forms. This research paper attempts to study the toponyms that undergo such process of translation.

**Keywords:** toponomy, arabimalayalam, mixed language, translation, ponnani

## Reference:

Ulloor.s.Parameshwarayyar.(1979). gaveshanam: ulloorinte prabadhangal. page7. Thiruvananthapuram. University of Kerala. publication dipartment.

Ulloor s. Parameshwarayyar. (1979). gaveshanam: ulloorinte prabadhangal. page6. Thiruvananthapuram. University of Kerala. publication dipartment.

Dr. Rajendran vilakkudi. (2016). Place names of kollam district. (from an article prepared by based on his thesis). Thiruvananthapuram. University of kerala.

K. Maheshwaran nair. (1995). chattambiswamikal jeevithavum krthikalum. (collected work). (Page: 927-934). Thiruvananthapuram. Duma books.

R.T. Pilla and sons. (Page: 1-23), keralathile sthalanaamangal. Chala. Thiruvananthapuram. Kairali darppanam.

Prasanth mithran. (Friday march 6, 2015). kerala paithrkam-kerala knowledge and heritage. Blog post article.

V. C. sreejan. Kavithayile angaadikal. (Article)

Quted by severine silva.(1963). toponomy of canara. page: 87. bombas. popular prakashan.

Dr. Rajendran Valakudi. Lfrom an article prepared based on his research paper on 'Place Names of Kollam District'.University of Kerala. 'Place Names of Kerala Culture Studies, Volume-1 ed. Professor Panmana Ramachandran Nair, Current Books, New Edition, Volume-188

Abhinsha M.U. (2015).deshavum samskaaravum maappila saahithyathil: mundambra unni mammadinteyum pulikkottil hydarinteyum krthikal aadhaaramaaki oru padanam (thesis). Page:125. Aligarh Muslim University.

Ponnani :(ml. m. Wikipedia.org)

Dr. Aboobacker. P.A. (Sep. 2018).Arabimalayalam malayalathinte classikkal bhavangal. Kondotty. Mahakavi moyin kutti vaidyar mappila kala accadamy.

Dr. Saithalavi cheerangott. (June 2020).sambarkka bhasha sasthra parikalpanakalum Arabimala- yalavum (article ). Isal paithrkam research journal.

Abdullakkutti. V. (2007). areekkodinte kissa: oru gramathinte saamsaarika charithram. (Page 17). calicut. Lipi publication.

**Arshida. A.T**

Reserch scholar

Department of Malayalam&Kerala studies

University of calicut

India

Pin :673635

E-mail: arshidaat@gmail.com

Ph: +91 8089061554

Orcid id :0009-0005-0461-1372

# സ്ഥലനാമങ്ങളിലെ മിശ്രഭാഷാ പ്രയോഗങ്ങൾ: അറബിമലയാള സാഹിത്യത്തെ അടിസ്ഥാനമാക്കി ഒരു പഠനം

**അർഷിദ എ.ടി**

അറബി അക്ഷരങ്ങളെ പരിഷ്ക്കരിച്ച് മലയാളമെഴുതാൻ ഉണ്ടാക്കിയ ലിപി സമ്പ്രദായമാണ് അറബിമലയാളം. അറബിയിയിലെയും മലയാളത്തിലെയും അക്ഷരങ്ങൾ എഴുതാവുന്ന രൂപത്തിലും അറബി ലിപി പോലെ വലത്തുനിന്ന് ഇടത്തോട്ടുള്ള എഴുത്തു രീതിയും അറബിമലയാളം അവലംബിക്കുന്നു. അതുകൊണ്ടു തന്നെ അറബിമലയാളമെന്ന പേര് ഭാഷക്കതീതമായി ലിപി സമ്പ്രദായത്തിനാണ് കൂടുതൽ യോജിക്കുന്നത്. ഒ. ആബു സാഹിബ് സ്വന്തമായി വ്യാകരണമുള്ള ഒരു പ്രത്യേക ഭാഷയാണ് അറബിമലയാളമെന്ന് ശക്തിയുക്തം വാദിക്കുന്നു (അറബിമലയാള സാഹിത്യ ചരിത്രം, പുറം 22). എന്നാൽ മലയാളത്തിന്റെ ഭാഷാഭേദങ്ങളിൽ ഒന്നിന്റെ ലിഖിത രൂപം മാത്രമാണ് അറബിമലയാളമെന്നാണ് കെ.ഒ. ശംസുദ്ധീൻ പറയുന്നത് (മാപ്പിള മലയാളം ഒരു ഭാഷാമിശ്രം, പുറം 4). എന്തു തന്നെയായാലും മിശ്രഭാഷാ പ്രയോഗങ്ങൾ കൊണ്ട് സമ്പന്നമാണ് അറബിമലയാളം. തമിഴ്, സംസ്കൃതം, ഉറുദു പേർഷ്യൻ, ഹിന്ദി, അറബി, ഇംഗ്ലീഷ് തുടങ്ങിയ വിവിധ ഭാഷകളിൽനിന്നു പദ സ്വീകരണം നടത്തിയിട്ടുള്ള അറബിമലയാളത്തിന് സങ്കരഭാഷാ രൂപം കൈവന്നിട്ടുണ്ട്.

സമ്പർക്ക ഭാഷാ ശാസ്ത്രത്തിന്റെ പ്രധാനപ്പെട്ടൊരു പഠന മേഖല സങ്കരഭാഷയെ കുറിച്ചാണ്. വിവിധ സമൂഹങ്ങൾ സമ്പർക്കത്തിലേർപ്പെടുമ്പോൾ അനായാസകരമായ ആശയ

വിനിമയത്തിനു വേണ്ടി സ്വന്തം ഭാഷയിൽ രൂപമാറ്റങ്ങൾ വരുത്താറുണ്ട്. ഇത്തരം സമ്പർക്കങ്ങളുടെ ഫലമായുണ്ടാകുന്ന ഭാഷയുടെ ശാസ്ത്രീയ പഠനമാണ് സമ്പർക്കഭാഷാ ശാസ്ത്രം കൈകാര്യം ചെയ്യുന്നത്.

ഭാഷയുടെ ഈ ശാസ്ത്രീയ പഠനത്തിൽ സങ്കര ഭാഷകളെ പിജിൻ (Pidgin) എന്നാണ് സൂചിപ്പിക്കുന്നത്. വ്യാപാരാവശ്യങ്ങൾക്ക് വേണ്ടിയുള്ള ആശയ വിനിമയത്തിനാണ് പിജിൻ പൊതുവെ രൂപപ്പെടുത്തിയിട്ടുള്ളത്. അറബിമലയാളമൊരു പിജിൻ ഭാഷയല്ല യെന്ന് ഡോ. സൈതലവി (A Sociolinguistic Evaluation of Arabi malayalm. അപ്രകാശിത ഗവേഷണ പ്രബന്ധം, മൈസൂർ സർവ കലാശാല, 2013) സമർത്ഥിക്കുന്നു. കേരളത്തിൽ ഈ പ്രയോഗ രീതിയുടെ പ്രധാന പ്രയോക്താങ്ങൾ മുസ്ലിംങ്ങളാണ്. ഗദ്യ ത്തിലും പദ്യത്തിലുമായി നിരവധി കൃതികൾ അറബിമലയാളത്തിൽ ഉണ്ടെങ്കിലും പദ്യവിഭാഗത്തിൽപ്പെടുന്ന മാപ്പിളപ്പാട്ടുകളിലൂടെയാണ് ഈ ലിപി വ്യവസ്ഥയ്ക്ക് പ്രചാരം ലഭിച്ചത്.

മാപ്പിളപ്പാട്ടുകളിൽ മിശ്ര ഭാഷാ പ്രയോഗത്തിലൂടെ അറബി മലയാള സാഹിത്യകാരന്മാർ സ്ഥല നാമങ്ങൾക്ക് നൽകിയ പദപ്ര യോഗങ്ങളെയാണ് ഈ പ്രബന്ധം പഠന വിധേയമാക്കുന്നത്. ഒരുനാടിന്റെ ചരിത്ര സാംസ്കാരിക പഠനത്തിന് അവിടുത്തെ സ്ഥലനാമങ്ങൾ നൽകുന്ന തെളിവ് സുപ്രധാനമായതു കൊണ്ട് ഈ വിഷയം പഠനാർഹമാണെന്ന് കരുതുന്നു.

ചരിത്രത്തിന്റെ പുനർ നിർമ്മിതിക്കും ഭാഷാ രൂപവൽക്കര ണത്തിനും സാമൂഹിക വ്യവസ്ഥിതിയെയും സംബന്ധിച്ച ഒട്ടേറെ വിവരങ്ങൾ നൽകാൻ സ്ഥലനാമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു. മിത്തിനും ഐതിഹ്യങ്ങൾക്കുമപ്പുറം ചരിത്ര പഠനത്തിന്റെ ഉപാദാനങ്ങളായി സ്ഥലനാമങ്ങളെ സ്വീകരിക്കാൻ കഴിയും. കാലാന്തരത്തിൽ ചില സ്ഥലനാമങ്ങളിൽ പല രൂപമാറ്റങ്ങളും വന്നിട്ടുണ്ടാവാം. ഇതിന് ഉദാഹരണമായി ഉള്ളൂർ എസ്. പരമേശ്വരയ്യർ രണ്ട് സ്ഥലനാമങ്ങളെ സൂചിപ്പിക്കുന്നുണ്ട്. *"തോവാളക്കടുത്തു ശീതപ്പാൽ എന്ന സ്ഥലത്തിന് യഥാർത്ഥത്തിൽ ശീതത്തിനോടോ പാലിനോടോ ഒരു ബന്ധവുമില്ല. ശ്രീപത്മനാ ഭനല്ലൂർ എന്നായിരുന്നു ഇതിന്റെ പഴയ പേരെന്ന് ശിലാലിഖിതം വ്യക്തമാക്കുന്നു. അതുപോലെ തിരുവനന്തപുരത്തെ വേളിക്കായ ലിന്റെ പൂർവ രൂപം വേളീർ കായൽ എന്നായിരുന്നു. ഒരു കാലത്ത് വേണാടിന്റെ ഏതാനും ഭാഗം സംരക്ഷിച്ചിരുന്നവരാണ് വേളി വംശക്കാർ. അവരുടെ പേര് കായലിന്റെ പേരുമായി ഘടിപ്പിക്കുന്നത്*

*യുക്തമാണല്ലോ. ഈ ചരിത്ര സത്യം അറിഞ്ഞില്ലെങ്കിൽ വേളിയിൽ നിന്ന് എന്തെല്ലാം കഥകൾ സൃഷ്ടിക്കാനാവും"*[1] അതിനാൽ തന്നെ സ്ഥലനാമ ഗവേഷണത്തിന്റെ സങ്കീർണതയെ കുറിച്ച് ഉള്ളൂർ എസ്.പരമേശ്വരയ്യർ എഴുതുന്നു. *"സ്ഥലനാമങ്ങൾ നിസ്സാരങ്ങളെന്നു ആരും കരുതിപ്പോകരുത്. ഓരോ സ്ഥലത്തിന്റെ പേരും ഓരോ ചരിത്രത്തെ പ്രായേണ ഉൾക്കൊള്ളു ന്നതായി കാണാം"*[2].

**സ്ഥലനാമ രൂപീകരണം**

നാമ പഠനം (Onomastics or Onomastique) ഭാഷാശാസ്ത്ര ത്തിലെ ഒരുപുതിയ പഠന ശാഖയാണ്. മനുഷ്യനാമ പഠനവും (Atnroponomy) സ്ഥലനാമ പഠനവും (Toponymy) ഇതിന്റെ ഉൾപിരിവുകളാണ്. Topos=place (സ്ഥലം), onoma = name (നാമം) എന്നീ ഗ്രീക്ക് പദങ്ങൾ ചേർന്നാണ് ടോപ്പോണമി (സ്ഥലനാമ പഠന ശാസ്ത്രം) എന്നപദം രൂപം കൊണ്ടത്. പദഘടനയെ ആധാരമാക്കി സ്ഥലനാമങ്ങൾ ഏകനാമ പദങ്ങളിലും ദ്വിപദ നാമങ്ങളിലും ത്രിപദ നാമങ്ങളിലും ചതുഷ് പദനാമങ്ങളിലും കാണുന്നു.[3]

1953ൽ പ്രസിദ്ധീകരിച്ച കേരളത്തിലെ 'ദേശ നാമങ്ങൾ' എന്ന തലക്കെട്ടിൽ ചട്ടമ്പി സ്വാമികൾ 'അഗസ്ത്യൻ' എന്ന തൂലികാ നാമത്തിൽ സദ്ഗുരു മാസികയിൽ കേരളത്തിലെ സ്ഥല നാമങ്ങളുടെ നിഷ്പത്തി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 'കൊച്ചിയിലെ ചില സ്ഥല നാമങ്ങൾ' എന്ന ലേഖനത്തിലെ ചില ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്. *"വിദേശീയരുടെ ആഗമനത്താൽ ഭാരതത്തിലെ മിക്ക ദേശങ്ങളിലെയും നാമങ്ങളെ മാറ്റി പുതിയ പേരുകൾ കൊടുത്തിട്ടു ണ്ടെന്ന് കാണാവുന്നതാണ്. സ്ഥലനാമങ്ങളുടെ ഉത്ഭവം മൂന്നു വിധത്തിലാണ്. ഭൂമിയുടെ കിടപ്പും ഗുണവുമനുസരിച്ചും രണ്ടാമത് പ്രഭുക്കളുടെ സ്ഥാനമാനങ്ങളെയനുസരിച്ചും മൂന്നാമത്തേതു ക്ഷേത്രദേവ നാമങ്ങളെ ആശ്രയിച്ചും ആകുന്നു. ഒരു വാക്കിനു പല അർത്ഥങ്ങളും കാണുന്നതു കൊണ്ട് ഒരു സ്ഥലത്തിന്റെ നാമം ശരി യാണോ എന്ന് നിശ്ചയിക്കുന്നതിന് ആ സ്ഥലത്തെ പരിശോധി ക്കേണ്ടി വന്നേക്കും. 'ശിവസന്ധിപുരം' എന്നുള്ളത് ഉച്ചാരണ ദാർ ഢ്യത്താൽ ലോപിച്ചു 'ചിവേന്തിരം' എന്നായി. ഇതിനെ സംസ്കൃത പണ്ഡിതന്മാർ ശുചീന്ദ്രം എന്നാക്കി. ഇന്ദ്രൻ ശുചിയായ ഇടം എന്നും മറ്റും ഇതിനെ തെറ്റായി വ്യാഖ്യാനിക്കുന്നു".*[4] ചേർത്തല ചെളിക്കര, ഹരിപ്പാട് അരുവിപ്പാട്, ഏറ്റുമാനൂർ ഏറ്റുമാൽ+ഊർ തുടങ്ങി കേരളത്തിലെ വിവിധ സ്ഥലനാമങ്ങളുടെ ഉത്ഭവത്തെക്കുറിച്ച് ചട്ടമ്പി സ്വാമികൾ പറയുന്നുണ്ട്.

സ്ഥലനാമ പഠനം തികച്ചും സങ്കീർണമായ ഒരു ഗവേഷണ പദ്ധതിയാണ്. ഓരോ പ്രദേശത്തിലെയും ചരിത്ര ഉപാദാനങ്ങളെ സൂക്ഷ്മമായി അപഗ്രഥിച്ചാണ് ഗവേഷകർ ഒരു സ്ഥലത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നത്. ഒരുവാക്കിന്റെ ഉല്പത്തി കണ്ടെത്തുന്ന നിരുക്ത ശാസ്ത്രം പോലെ ഗഹനമായതാണ് സ്ഥലനാമ വിശകലനം. ഏതൊരു സ്ഥലനാമത്തിന്റെയും പിറകിൽ ഒരുസംഭവമോ വ്യക്തിയോ വസ്തുവോ ദൃശ്യമോ അനുഷ്ഠാനമോ സ്ഥാപനമോ ഉണ്ടായിരിക്കും. തിരുവനന്തപുരത്തിന്റെ പേരിനു പിന്നിൽ ശ്രീപത്മനാഭ സ്വാമി ക്ഷേത്രവും അനന്തശയനത്തിലുള്ള മഹാവിഷ്ണു പ്രതിഷ്ഠയുമാണുള്ളത്. കേരളത്തിലെ സ്ഥലനാമ ങ്ങളിൽ ആവർത്തിച്ചു വരുന്ന പദങ്ങൾ ധാരാളമുണ്ട്. 'ഊർ' എന്നതിലവസാനിക്കുന്ന ആലത്തൂർ, തൃശ്ശൂർ, വഞ്ചിയൂർ, കണ്ണൂർ, കൊട്ടിയൂർ, കൊടുങ്ങല്ലൂർ എന്നിവയും കാട് എന്നതിലവസാ നിക്കുന്ന ഭാഗം വരുന്ന പാലക്കാട്, വെട്ടുകാട്, പാണ്ടിക്കാട് തുടങ്ങിയവയും തൊടി, കോട്ട, മല, പള്ളി, കോട്, മുറ്റം, ചാൽ, പെട്ടി തുടങ്ങിയ പദങ്ങളിലവസാനിക്കുന്ന സ്ഥലനാമങ്ങളും വിരളമല്ല. *'ഏതു രാജ്യത്തിലെ സ്ഥലനാമങ്ങൾ പരിശോധിച്ചാലും അവയിൽ വലിയൊരു വിഭാഗം സ്ഥല ജലാത്മകമായ പ്രകൃതിയുടെ ഭിന്നഭാവങ്ങളെ ആസ്പദമാക്കി ഉണ്ടായിട്ടുള്ളവയാണെന്ന്'*(5) ഡോക്ടർ കെ. ഗോദവർമ്മ അഭിപ്രായപ്പെടുന്നു.

സ്ഥലനാമങ്ങളുടെ വിവർത്തന രൂപങ്ങളിലും ഇത്തരം ചരിത്ര വസ്തുതകൾ കാണാൻ കഴിയും. 'തിരുവനന്തപുരത്തെ കോട്ടൺഹിൽ (cotton hill) ആ പേര് വന്നത് സി.ഡബ്ല്യു.സി കോട്ടൺ എന്ന ബ്രിട്ടീഷ് റസിഡന്റ് അവിടെ താമസിച്ചത് കൊണ്ടാണെന്ന് ഒരു വാദമുണ്ട്. അതിനെ 'പരുത്തിക്കുന്ന്' എന്ന് വിവർത്തനം ചെയ്തു കാണുന്നു. തമിഴിൽ നിന്ന് പരിണമിച്ചു രൂപപ്പെട്ടിട്ടുള്ള ഏതാണ്ട് 125 തമിഴ് ധാതുക്കൾ മലയാള സ്ഥലനാമങ്ങളിൽ ഉണ്ടായി രുന്നവ പിൽകാലത്തു മലയാള ശൈലികളായി പരിണമിച്ചിട്ടുണ്ടെന്ന് കേരളത്തിലെ സ്ഥലനാമങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയ വി.വി.കെ. വാലത്ത് സൂചിപ്പിക്കുന്നു. അതുപോലെ സംഘകാല സാഹിത്യ കൃതികളിൽ പരാമർശിക്കപ്പെടുന്ന ഐന്തിണകളെന്ന അഞ്ച് സ്ഥലരാശികളുടെ സ്വാധീനവും ഇവിടുത്തെ സ്ഥലനാമ ങ്ങളിൽ ഉണ്ട്.[6]

സ്ഥലനാമങ്ങൾ കാണപ്പെടുന്ന മറ്റൊരു വിഭാഗം സന്ദേശ കാവ്യങ്ങളും അച്ചീചരിതങ്ങളുമാണ്. *'മണിപ്രവാളത്തിലെഴുതിയ ഈ കൃതികളിൽ സുന്ദരീവർണ്ണനകളുമായി പ്രത്യക്ഷ ബന്ധമില്ലാത്ത*

*വിസ്തരിച്ചുള്ള അങ്ങാടി വർണ്ണനകൾ കാണാം. ഉണ്ണിയച്ചി ചരിതം, ഉണ്ണുനീലി സന്ദേശം, ഉണ്ണിച്ചിരുദേവി ചരിതം, അനന്തപുര വർണ്ണനം, ഉണ്ണിയാടി ചരിതം ശുകസന്ദേശം എന്നീ മണിപ്രവാള കാവ്യങ്ങളിലെല്ലാം വിപണികൾ കാണാം. 'ആപണം', ആപണ ശ്രേണി, വിപണി, അങ്ങാടി, എന്നൊക്കെ പറയുന്ന കച്ചവട കേന്ദ്രങ്ങളും അവയോട് ചേർന്നു പോകുന്ന മുച്ചന്തക്കൽ, വലിയ ങ്ങാടി, ചിറ്റങ്ങാടി, പഴയങ്ങാടി, പുതിയങ്ങാടി തുടങ്ങിയ സ്ഥല നാമങ്ങളും അന്നത്തെ കൃതികളിൽ അവിടെ പ്രത്യക്ഷപ്പെടുന്നു'*[7].

ഒരു സമൂഹത്തിന്റെ സാംസ്കാരികമായ ചുറ്റുപാടുകളും സ്ഥലനാമ നിർണയത്തിൽ പ്രധാന പങ്കുവഹിക്കുന്നു. പ്രമുഖ സ്ഥലനാമ പണ്ഡിതനായ ജെ.ജെ എഗ്ഗി സൂചിപ്പിക്കുന്നത് സ്ഥലനാമങ്ങളുടെ ഉത്ഭവത്തിന് സംസ്ക്കാരം ഒരു കാരണമാവാം എന്നതാണ്. *'ഒരു ജനതയുടെ ബുദ്ധിപരമായ സവിശേഷതകളിൽ നിന്നും രൂപം കൊള്ളുന്ന സ്ഥലനാമങ്ങളിൽ അവരുടെ സാംസ്കാ രികാവസ്ഥയും അതിന്റെ വികാസവും നിഴലിച്ചു കാണാം'*. എന്നാൽ ഒരേ സ്ഥലത്തിന് വ്യത്യസ്ത പേരുകളും സ്ഥലനാമങ്ങളിൽ സംഭവിക്കാറുണ്ട്. ഇത്തരം പ്രശ്നത്തെ പറ്റിയാണ് എഴുത്തച്ഛൻ പറയുന്നത്. *"പുരാണ പ്രസിദ്ധമായ സ്ഥലങ്ങൾ തന്നെ പല പേരുകളിൽ അറിയപ്പെട്ടു ഉദാ: ഹസ്തിനപുരം, ഹാസ്തിനപുരം ഈ വ്യത്യസ്ത പേരുകൾ എഴുത്തച്ഛനെയും കുഴക്കിയിരുന്നു എന്നതിന് മഹാഭാരതം കിളിപ്പാട്ട് തെളിവാണ്.*

*'ഹസ്തിതാൻ നിർമിച്ചൊരു പുരമായത് മൂലം*
*ഹസ്തിനപുരമെന്നു ചൊല്ലുന്നതറിഞ്ഞാലും,*
*ഹസ്തിനമെന്നു ചൊൽവാൻ തോന്നിയതെന്നാകിലും*
*ശാസ്ത്രികൾ ചൊല്ലീടുന്നു ഹാസ്തിന മെന്നു തന്നെ"*
(സംഭവപർവം, 136-139)

*ചന്ദ്രവംശ രാജാവായ ഹസ്തി നിർമ്മിച്ച നഗരം 'ഹസ്തിനപുരം' ആയി. എന്നാൽ വ്യാകരണ ശാസ്ത്രം അറിയുന്നവർ ഹാസ്തിനം എന്നപേരാണ് സ്വീകരിച്ചിരിക്കുന്നത്. പ്രയോഗം ഹസ്തിനപുരം എന്നുമാണ്"*[9]. സാഹിത്യാഖ്യാ നങ്ങളിലേക്ക് സ്ഥലനാമങ്ങളെ കൊണ്ടുവരുമ്പോഴുള്ള ബുദ്ധിമു ട്ടിനെ പറ്റിയാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്.

**മാപ്പിളപ്പാട്ടുകളിലെ ചില മിശ്രഭാഷാ സ്ഥലനാമങ്ങൾ**

പ്രളയത്തെ പ്രമേയമാക്കുന്ന മാപ്പിളപ്പാട്ടുകളിൽ ധാരാളം സ്ഥലനാമങ്ങളെ പരാമർശിക്കുന്നുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട്

ലഭ്യമായതിൽ ഏറ്റവും വലിയ കൃതിയായ മുണ്ടമ്പ്ര ഉണ്ണിമമ്മദിന്റെ 'വെള്ളപ്പൊക്കം' എന്ന കൃതിയിൽ മാത്രം 72 ഇശലിലായി 456 സ്ഥലപ്പേരുകൾ പറയുന്നുണ്ട്. വിവിധ കൃതികളിലായി ചില സ്ഥലനാമങ്ങളെ മാപ്പിളപ്പാ ട്ടുകൾ പരാമർശിക്കുന്ന രീതി വ്യത്യസ്തവും കൗതുകരവുമാണ്. സാഹിത്യ രചനക്ക് വേണ്ടി നിരവധി ഭാഷകളിൽ നിന്നും പദസ്വീകരണം നടത്തിയവരാണ് അറബിമലയാള സാഹിത്യകാരന്മാർ. വ്യത്യസ്തമായ പദങ്ങളെ പാട്ടിനനുയോജ്യമായ രീതിയിൽ വരികളിലൂടെ സന്നിവേശിപ്പി ക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്.

1924ലെ വെള്ളപ്പൊക്കത്തെ ഇതിവൃത്തമാക്കി കളത്തിൽ മമ്മദ് കുട്ടിയെന്ന മാപ്പിളകവി 'ലൗകിക മഹാത്ഭുത മാല' എന്ന തന്റെ കൃതിയിൽ ചില സ്ഥലപ്പേരുകൾ ഇത്തരത്തിൽ പ്രയോഗിച്ചി ട്ടുള്ളതായി കാണാം.

*'ചിന്തുവാൻ കാലിക്കോടും ഹജറായി ഫറൂമുക്കിൽ*
*ബന്തോടെ മരതിജാറത് ചെയ്യും*
*മുക്കിയ ഫിറബുക്കൾക്കൊലിച്ചുള്ള ശജറിന്റെ*
*ദുഃഖങ്ങൾ ഭവിക്കയായ് ഫെരുത്ത്'* (ഇശൽ 1)

ഇവിടെ കോഴിക്കോടിനെ സൂചിപ്പിക്കാൻ കാലിക്കോടും ഹജറായി കൊണ്ട് കല്ലായിയെയും ഫറൂമുക്കിനെ ഫറോക്കിനെയും സൂചിപ്പിക്കുന്നു.

എന്നാൽ 1925 ജൂലൈ 18ന് പ്രസിദ്ധീകരിച്ച ഇതിഹാസ കാവ്യഗണത്തിൽ ഉൾപ്പെടുന്ന മോയിൻകുട്ടി വൈദ്യരുടെ ഉഹ്ദ് പടപ്പാട്ടിൽ കോഴിക്കോടിനെ സൂചിപ്പിക്കാൻ മുറുഗിക്കോട് എന്നാണ് ഉപയോഗിക്കുന്നത്.

*'ഫദി മുറുഗിക്കോട്ടിൽ ശറഫുറ്റെ*
*ഹുക്മിസ്സാംകൾക്കേകി വിധി ഫോർ*
*ഫരശറആലും ഫുന മുഹ്താജു*
*റ്റവർകളിൽതാനെ തസ്വവുഫ്'* (ഇശൽ 3)

മുമ്പ് പരാമർശിച്ചിട്ടുള്ള ലൗകികമഹാത്ഭുതമാല എന്നകൃതി യിൽ പൊന്നാനി എന്ന പ്രദേശത്തെ സൂചിപ്പിക്കാൻ സുരണാനി എന്ന് കവിഉപയോഗിക്കുന്നു.

*'ദിക്ക് മലബാറിൽ ഫക്കാ സുരണാനി*
*ദിക്കിൽ മലബെള്ളം പൊങ്ങിക്കൊണ്ടേ മികവാൽ*
*തീരാത്ത ദുഃഖങ്ങൾ നാശം പൂണ്ടേ'* (ഇശൽ 3)

പൊന്നാനിയെ പല മാപ്പിളകവികളും ഇതേരീതിയിൽ

പരാമർശിക്കുന്നതായി വിവിധ കൃതികളിലൂടെ നമുക്ക് കാണാൻ കഴിയുന്നു. നാലകത്തു കുഞ്ഞു മൊയ്തീൻ കുട്ടി തന്റെ സലാമത്ത് മാലയിൽ പൊന്നാനിക്ക് സ്വർണാനി എന്ന് ഉപയോഗിച്ചുകാണുന്നു.

*'നൊടിന്റെ മുതൽതൊട്ട് ഫിന്നെ ഇത് വരെ*
*അന്തേ വംശത്തിന്നാരുമോ*
*നഗരം സ്വർണ്ണാനിതന്നിലാവരവ്*
*ഇയ്യതയ് എങ്കും പ്രസിദ്ധമാ'*

മാത്രമല്ല, പൊന്നാനിക്കാരനായ എം.എ ഇമ്പിച്ചി തന്റെ 'ഇബ്രാഹിം ഇബ്നു അദ്ഹം' കിസ്സപ്പാട്ടിൽ (1981 പ്രസിദ്ധീകരിച്ച) പൊന്നാനിയെ സൂചിപ്പിക്കാൻ ഇതേ പദം ഉപയോഗിച്ചതായി കാണാൻ കഴിയും.

*'കശ്ഫ് കറാമത്തദിനണു ഉറയ്*
*ഫരിഭാഷപ്പെടുത്തി തൻഭവരുടെ*
*നാമാ ഫുരി സ്വരനാനി മഖ്ദൂമിൻ*
*ഫുതിയകം ഫിറന്തേ വലിയോനാം'* (ഇശൽ 3)

കളത്തിൽ മമ്മദ്കുട്ടിയുടെ 'ലൗകികമഹാത്ഭുതമാല'യിൽ ഇനിയും ഇത്തരത്തിലുള്ള സ്ഥലനാമങ്ങൾ വിവിധ ഇശലുകളിലായി വിന്യസിച്ചിരിക്കുന്നു.

*'ഫുടവികളിൽ ശുഹ്റത്തുള്ളെ*
*ഫരപ്പൻ സൂഖിനടുത്തെ*
*ഫുരി ഉള്ളാണം സ്വിറാത്തിങ്ങലും*
*ഫരന്ന് നാം മികത്തെ'* (ഇശൽ 5)

ഇവിടെ പരപ്പനങ്ങാടിയെ പറയാൻ ഫരപ്പൻ സൂഖ് എന്നുപയോഗിക്കുന്നു. അതുപോലെ 'സ്വിറാത്തിങ്ങൽ' എന്ന് സൂചിപ്പിക്കുന്ന സ്ഥലം പരപ്പനങ്ങാടിക്കടുത്തു തന്നെയുള്ള പാലത്തിങ്ങൽ എന്നപ്രദേശത്തിനെയാണ്. മലപ്പുറം ജില്ലയിലെ പ്രസിദ്ധമായ മമ്പുറം എന്ന സ്ഥലപ്പേരിലും കളത്തിൽ മമ്മദ് കുട്ടി ഈ സങ്കരഭാഷ പ്രയോഗം നടത്തുന്നു എന്നുള്ളത് ശ്രദ്ധേയമാണ്.

*'അറിവിരെ ഇപ്പോൾ ഫുരി മദർപുറമിലെ ബന്നുള്ളവസ്ഥകൾ*
*അനവധി വീടും എടുപ്പുകൾ പൊളിപെടാലയെ സയ്യിദ്*
*അലവി വലിയ്യർ മഖാമുള്ളിൽ ജലം ദഖലായെ'* (ഇശൽ 6)

ചേറൂർ കലാപത്തെ പ്രമേയമാക്കി 1844 എഴുതപ്പെട്ട ചേറൂർ പടപ്പാട്ടിൽ മലപ്പുറം ജില്ലയിലെ പൊന്മളക്ക് സ്വർണ്ണമള എന്ന് ഉപയോഗിച്ചുകാണുന്നു.

അതുപോലെതന്നെ 'മുണ്ടമ്പ്ര ഉണ്ണി മഹമ്മദിന്റെ

കൊടികേറ്റം എന്ന കൃതിയിൽ അരീക്കോടിനെ ചാവൽ കോട് എന്ന് വിശേഷിപ്പിക്കുന്നുണ്ട്'[10].

**വിശകലനങ്ങൾ**

ടോപ്പോണമിക്ക് പഠനങ്ങൾക്ക് ചരിത്രത്തിന്റെ മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അവ്യക്തമായ ചരിത്രത്തിലേക്ക് ചില വസ്തുതകൾ വെളിപ്പെടുത്താൻ ടോപ്പോണമി പഠനങ്ങൾ സഹായിക്കുന്നു. ശിലാസാസനങ്ങളിൽ നിന്നും ചരിത്രരേഖകളിൽ നിന്നുമൊക്കെയുള്ള അവ്യക്തമായ ഭാഷാപരമായ വസ്തുതകൾ പൂർണമായി കണ്ടെത്താൻ സ്ഥലനാമങ്ങൾക്ക് കഴിയും. സ്ഥലനാമങ്ങളിൽ മറ്റു രേഖകളിലൊന്നും കാണാത്ത പദങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇന്നില്ലാത്ത വ്യക്തിനാമങ്ങളും സ്ഥലനാമങ്ങളിൽ ദൃശ്യമാണ്. യഥാർത്ഥ ഭാഷ നിന്ന കാലഘട്ടവും ഒരു പ്രദേശത്തിന്റെ മതപരമായ സാമൂഹ്യപരമായ മാറ്റങ്ങളെക്കുറിച്ച് ഉൾക്കാഴ്ച നൽകുകയും ചെയ്യുന്നു. സ്ഥലനാമങ്ങളുടെ ഉത്ഭവം കെട്ടുകഥകളും ഐതിഹ്യങ്ങളുമായി ഇഴചർന്നതാണ്.

ഇവിടെ തന്നെ സാമാന്യമായി കാണുന്ന ഒരു വസ്തുത പൊന്നാനി എന്ന പ്രദേശത്തിന് സ്വർണാനി, സ്വരനാനി, സുരനാനി എന്നിങ്ങനെ പല രൂപത്തിലാണ് മാപ്പിള കവികൾ വ്യത്യസ്ത കൃതികളിലായി ഉപയോഗിച്ചിട്ടുള്ളത്. പൊന്നിന്റെ പര്യായമായ സ്വർണം എന്ന പദത്തിന്റെ പ്രയോഗത്തിലൂടെയാണ് ഈ സ്ഥലനാമം കവി രൂപപ്പെടുത്തിയിട്ടുള്ളത്. പൊന്നാനി എന്ന സ്ഥലനാമത്തിന്റെ ഉത്ഭവം മിത്തും ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. അറബ് പേർഷ്യൻ നാടുകളുമായി നിലനിന്നിരുന്ന കച്ചവട ബന്ധത്തിന്റെ ഭാഗമായി ധാരാളം പൊൻ നാണ്യങ്ങൾ ഇവിടെ എത്തിയിരുന്നു എന്നും പൊൻനാണ്യങ്ങളുടെ നാടാണ് പൊന്നാനി എന്നുമൊരു അഭിപ്രായം നിലനിൽക്കുന്നുണ്ട്. പൊൻ വാണി എന്നൊരു നദി ഉണ്ടായിരുന്നു എന്നും അതിൽ നിന്നാണ് ഈ സ്ഥലനാമത്തിന്റെ ഉത്ഭവം എന്നും മറ്റൊരു അഭിപ്രായവും ഉണ്ട്. ആഴ്ഞ്ചേരി തമ്പ്രാക്കളുടെ ഭരണകാലത്ത് പൊന്നു കൊണ്ടുള്ള ആനകളെ ക്ഷേത്രങ്ങളിൽ സമർപ്പിച്ചിരുന്നെന്നും പൊന്നാനയിൽ നിന്നാണ് പൊന്നാനി ഉണ്ടായതെന്നും പറയപ്പെടുന്നു[11].

പൊന്നാനിയിലെ പൊന്ന് എന്ന പദത്തിന്റെ അർത്ഥത്തെ സാധൂകരിക്കുന്നതാണ് മേൽപ്പറഞ്ഞ അഭിപ്രായങ്ങൾ. സാമൂതിരിയുടെ കാലത്തിനു മുമ്പുള്ള പൊന്നാനിയുടെ ചരിത്രത്തെ കുറിച്ചു

ള്ള ആധികാരികമായ രേഖകൾ ഒന്നും ലഭ്യമല്ല. ഇവിടെ മാപ്പിളകവികൾ പൊന്നാനിയെ സ്വർണാനി എന്ന് സൂചിപ്പിക്കുന്നതിലൂടെ ഈ സ്ഥലനാമത്തിന്റെ അർത്ഥത്തിന് മാറ്റമൊന്നും സംഭവിക്കുന്നില്ല. സ്ഥലനാമ പദ ഘടനയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ ഈ പേര് ലോപിച്ചതാവാനാണ് സാധ്യത. അതായത് പൊൻവാണി, പൊന്നാന, പൊൻനാണ്യം, തുടങ്ങിയവയെല്ലാം ദ്വിപദ നാമങ്ങളിൽ വരുന്നതാണ്. ഇവയിൽ ഏതെങ്കിലും ലോപിച്ചു കൊണ്ടായിരിക്കും ഈ പേര് വന്നിട്ടുള്ളത്. വിവിധ കൃതികളിൽ ഇത് ഉപയോഗിക്കാൻ പ്രേരണയായത് ഒരുപക്ഷേ ആദ്യമായി ഏതെങ്കിലും ഒരു കവി ഈ സ്ഥലപേരിനെ പരാമർശിച്ചപ്പോൾ തുടർന്നുവന്ന കൃതികളിൽ ആ പ്രദേശത്തെ തന്നെ സൂചിപ്പിക്കാൻ മറ്റു കവികൾ ഉപയോഗിച്ചതാകാം. മോയിൻകുട്ടി വൈദ്യരുടെ പ്രസിദ്ധമായ 'മദനപ്പൂ' എന്ന പ്രയോഗം പിന്നീട് വന്ന പല മാപ്പിള കവികളും ഉപയോഗിച്ചതായി കാണാൻ കഴിയും. കൂടുതലും ദ്രാവിഡ വൃത്തങ്ങളാണ് അറബിമലയാള സാഹിത്യം സ്വീകരിച്ചിട്ടുള്ളത്. ചിത്രം എന്നതിനെ ചിത്തിരമെന്ന് ഉപയോഗിക്കുന്നത് പോലെ സ്വർണം എന്നതിന്ന് സുരണം, സ്വരണം എന്ന് ഉപയോഗിക്കുന്നു. അതായത്, ചന്ദിരസുന്ദരി എന്നാണ് അറബിമലയാള സാഹിത്യത്തിൽ ഉപയോഗിച്ചത്. യഥാർത്ഥത്തിൽ ചന്ദ്രസുന്ദരി എന്നതിനെയാണിത്.

മറ്റൊരു പ്രത്യേകതയായിട്ട് പറയാവുന്നതാണ് അറബി പദങ്ങളുടെയും മലയാള പദങ്ങളുടെയും മിശ്രണം. പരപ്പൻസൂഖ്, ഹജ്റായി, സിറാത്തിങ്കൽ എന്നീ സ്ഥലനാമങ്ങൾ ഇതിനുദാഹരണമാണ്. അറബിവാക്കായ 'സൂഖ്' എന്നാൽ അങ്ങാടി, ചന്ത എന്നൊക്കെയാണ് അർത്ഥം. അറബിക്കടലിനോട് ചേർന്ന് മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ ഒരു പട്ടണമാണ് പരപ്പനങ്ങാടി. പരപ്പനങ്ങാടി നഗരസഭയിലെ പ്രധാന അങ്ങാടിയും ഇതുതന്നെയാണ്. ആദ്യകാലത്ത് മലബാറിലെ പ്രമുഖ വാണിജ്യ കേന്ദ്രങ്ങളിൽ ഒന്നായിരുന്നു ഇത്. ആ കാലത്ത് കടപ്പുറത്തെ അങ്ങാടി എന്ന പേരിലായിരുന്നു ഇതിന്റെ ആസ്ഥാനം. അറബി കച്ചവടക്കാരുമായി വാണിജ്യ ബന്ധം ഉണ്ടായിരുന്നതും ഇവിടെ വെച്ചായിരുന്നു. പരപ്പനങ്ങാടിയുടെ സ്ഥലനാമ ഉത്ഭവം പരപ്പനാട് കോവിലകവുമായും ബന്ധപ്പെട്ട് കിടക്കുന്നു. ഇന്നും അവിടുത്തെ ചില സ്ഥാപനങ്ങളുടെയും മറ്റും പേരുകൾ പരപ്പനാട് എന്ന് ചേർത്തുകൊണ്ടാണ്. അറബിവാക്കായ സ്വിറാത്ത് എന്നതിന്റെ അർത്ഥം നേരായ വഴി, മാർഗം എന്നൊക്കെയാണ്. ഇസ്ലാം മതവിശ്വാസ

പ്രകാരം മരണശേഷമുള്ള പാരത്രികജീവിതത്തിന്റെ പ്രധാനപ്പെട്ടൊരു പരീക്ഷണം എന്ന രൂപത്തിൽ സിറാത്ത് പാലം കടന്നുപോകുന്നവർ സ്വർഗ്ഗ പ്രവേശനം സാധ്യമാക്കുന്നു എന്നാണ്. അതായത് അവിടെയുള്ള ഒരു പാലത്തിന്റെ പേരാണ് ഇത്. എന്നാൽ സാധാരണ പാലം എന്നതിന്റെ അറബി പദം 'ജിസ്ര്' എന്നാണ്. ഇവിടെ പകരമാണ് സിറാത്ത് ഉപയോഗിച്ചിരിക്കുന്നത്. പാലത്തിങ്ങൽ എന്ന ഈ പ്രദേശത്ത് കടലുണ്ടിപ്പുഴയുടെ കുറുകെ ഒരു പാലമുണ്ട്. ആ പാലം നിലനിൽക്കുന്ന പ്രദേശത്തിനാണ് ഈ പേര് വന്നിട്ടുള്ളത്. അതുപോലെ ഹജർ എന്നാൽ കല്ല് എന്നർത്ഥം വരുന്ന അറബിവാക്കാണ്. ഇത് ഹജറായി എന്ന് സൂചിപ്പിക്കുന്ന തിലൂടെ കല്ലായി എന്ന സ്ഥലനാമത്തെ പറയാൻ ഉപയോഗിക്കുന്നു.

മിശ്രഭാഷ (mixed language) എന്ന പരികല്പനയും സമ്പർക്ക ഭാഷാശാസ്ത്രം മുന്നോട്ടു വയ്ക്കുന്നുണ്ട്. മിശ്രഭാഷ എന്നത് കേവലം പദങ്ങളുടെ സംയോജനം മാത്രമല്ല. അതിനുള്ളിലെ സാംസ്കാരിക സ്വത്വ പ്രധാനങ്ങളെ മുന്നോട്ടുവക്കുന്ന വിശാലത മിശ്ര ഭാഷയിലുണ്ടെന്ന് ബക്കർ, തോമാസൺ എന്നിവർ കണ്ടെത്തുകയും ചെയ്യുന്നു. ഇത്തരം മിശ്രണങ്ങൾ കൊണ്ട് സ്വാഭാവികമായി ഭാഷയ്ക്ക് സംഭവിക്കുന്ന മാറ്റങ്ങളിലുപരി ബോധപൂർവ്വമുള്ള നിർമ്മാണമാണ് സംഭവിക്കുന്നത്. അതുകൊണ്ടു തന്നെ പൊതുവായ പ്രയോഗങ്ങളെക്കാൾ പ്രത്യേകമായി പ്രയോഗിക്കുന്ന ഇടങ്ങൾ മിശ്രഭാഷക്കുണ്ടാകുന്നു.

മാപ്പിളഭാഷ പ്രതിനിധാനം ചെയ്യുന്ന ഒരു സമൂഹത്തിന്റെ സ്വത്വബോധത്തിലൂന്നിയ ഇത്തരം രചനാ രൂപങ്ങൾ അറബി മലയാള പദ്യസാഹിത്യത്തിൽ ധാരാളം കണ്ടുവരുന്നു. 'സ്വത്വവാദപരമായ കാഴ്ചപ്പാട് ശക്തമായി നിലനിർത്താൻ ഇതിന്റെ വക്താക്കൾ ഉപയോഗിക്കുന്നത് ഏറ്റവും കൂടുതൽ അറബ് ബന്ധത്തിനെയാണ്. *'മാപ്പിള സാഹിത്യത്തിൽ അറബി പദങ്ങളും മറ്റും ഉപയോഗിക്കുന്നത് കൂടുതലും മലയാളത്തിന്റെ വ്യാകരണത്തിനനുയോജ്യ മായിക്കൊണ്ടാണ്'*(12).

സ്ഥലനാമങ്ങൾ പരിണാമ വിധേയമാണ്. അറബിമലയാള സാഹിത്യത്തിലെ ഭാഷാ പ്രയോഗങ്ങളിൽ ഒന്നിലധികം ഭാഷകളുടെ സമ്പർക്കം സജീവമാണ്. ഇത് സ്ഥലനാമങ്ങളിലും പ്രകടമാണ്. അർത്ഥത്തിന്റെ ഗാംഭീര്യം, നർമ്മം, ശബ്ദ സൗന്ദര്യം എന്നിവക്ക് യോജിക്കുന്ന പദങ്ങൾ ഭാഷയുടെ വ്യത്യസ്തത പരിഗണിക്കാതെ സ്വതന്ത്രമായി ഉപയോഗിക്കാൻ മാപ്പിള കവികൾക്ക് കഴിഞ്ഞിരുന്നു.

മാപ്പിള കവികളുടെ രചന മാതൃകകളിൽ അബ്ജദ്, അക്കക്കെട്ട് പോലുള്ള സംഖ്യാക്രമങ്ങൾ പാട്ടിൽ കൊണ്ടുവന്നു. അറബി അക്ഷരങ്ങൾക്ക് തുല്യമായ അക്കങ്ങൾ ഉപയോഗിച്ച് എഴുതുന്ന രീതിയാണ് അബ്ജദിയ്യ. ഈ ഗൂഢഭാഷയിലെ ആദ്യ നാല് അക്ഷരങ്ങളിൽ നിന്നാണ് അബ്ജദ് എന്ന പേര് ലഭിച്ചത്. ഇത് പ്രകാരം അലിഫ് എന്നതിനെ ഒന്ന് ബാ എന്നതിന് രണ്ട് ജിം എന്നത് മൂന്ന് ഇങ്ങനെ അറബിയിലെ 28 അക്ഷരങ്ങൾക്കും മൂല്യം കൽപ്പിക്കുന്നു. അബ്ബാസിയാ കാലഘട്ടത്തിൽ തുടങ്ങിയ ഈ രീതി അറബിമലയാള സാഹിത്യകാരന്മാർ അവലംബിച്ചിരുന്നു. വിവിധ ഭാഷകളിൽ നിന്ന് പദങ്ങൾ ചേർത്ത സങ്കരഭാഷാ പ്രയോഗങ്ങളും അവർ ഉപയോഗിച്ചു. മാപ്പിള ഭാഷയുടെ രൂപത്തിലേക്ക് കൊണ്ടുവരാൻ വേണ്ടിയും വരികൾ ഒപ്പിച്ചു പ്രാസവ്യവസ്ഥ പാലിക്കാൻ വേണ്ടിയും ഇത്തരം പ്രയോഗങ്ങൾ നടത്താവുന്നതാണ്. *'പടപ്പാട്ടുകളിലും ചില അറബിമലയാള ഗദ്യ കൃതികളിലും കാണുന്ന മുറുകിയ മിശ്രഭാഷാ രീതി സാമാന്യ വ്യവഹാരത്തിൽ ഉപയോഗിച്ചതിന് തെളിവുകളൊന്നും ലഭ്യമല്ല. അത്തരം മിശ്രണത്തെ സാഹിത്യത്തെ സുന്ദരമാക്കാൻ ബോധപൂർവ്വം നിർമ്മിച്ചെടുത്ത ശൈലി വിശേഷമായി കാണുന്നതാകും ഉചിതം'.*[13]

കോഴിക്കോടിനെ സൂചിപ്പിക്കുന്ന മുറുഗിക്കോട്, കാലിക്കോട് എന്നിവ വ്യത്യസ്ത ഭാഷാപദങ്ങളുടെ വിവർത്തന രൂപങ്ങളാണ്. കാലിക്കറ്റ് എന്നതിലെ കാലിയും കോഴിക്കോടിലെ കോടുമാണ് ഇതിനുവേണ്ടി ഉപയോഗിച്ചത്. എന്നാൽ കോഴി എന്നതിനെ പ്രത്യക്ഷ വിവർത്തനം ചെയ്താണ് മോയിൻകുട്ടി വൈദ്യർ മുറുഗി എന്ന് ഉപയോഗിച്ചു കാണുന്നത്. മുറുഗി എന്നാൽ ഹിന്ദിയിലും ഉറുദുവിലും കോഴി എന്ന് അർത്ഥം വരുന്നു. സ്ഥലനാമ പദഘടനയിൽ ദ്വിപദ നാമങ്ങളിലാണ് കോഴിക്കോട് ഉൾപ്പെടുന്നത്. രണ്ട് പദങ്ങളുടെ സംയോഗമാണ് ഇതിൽ കാണുന്നത്. കോഴി + കോട്, ഇതിൽ ആദ്യ ഭാഗമായ കോഴി എന്നതിനെയാണ് മുറിഗി എന്ന പേരിൽ വിവർത്തനം ചെയ്തു കാണുന്നത്. ഇങ്ങനെ ചെയ്യുമ്പോൾ അർത്ഥത്തിലൊ രൂപത്തിലോ കോഴിക്കോടിനു യഥാർത്ഥത്തിൽ ബന്ധമോ മാറ്റമോയില്ല. കോവിൽ/കോയിൽ കോട്ടയാണ് കോഴിക്കോടായി ലോപിച്ചെതെന്ന് പറയപ്പെടുന്നുണ്ട്. അറബികൾ കോഴിക്കോടിനെ കാലികൂത്ത് എന്നും ചൈനക്കാർ കലിഫോ എന്നും യൂറോപ്യന്മാർ കാലിക്കറ്റ് എന്നും വിളിച്ചു.

കൊടികേറ്റത്തിലെ അരീക്കോടിനെ ചാവൽക്കോട് എന്നാക്കി വിവർത്തനം ചെയ്യുമ്പോൾ മുണ്ടമ്പ്ര ഉണ്ണി മമ്മദ്

സ്ഥലനാമ ഉത്ഭവ ചരിത്രമോ പഴയ രേഖകളോ വിലയിരുത്തിയതാവാം എന്ന് അനുമാനിക്കാവുന്നതാണ്. *'ബ്രിട്ടീഷ് ഭരണകാലത്തെ പോലീസ് രേഖകളിൽ അരിക്കോട് എന്നാണ് കാണുന്നത്. അരിയക്കോട് എന്ന പേരിലാണ് കമ്പി, തപാൽ വകുപ്പുകളിലും പഴയ റവന്യൂ റിക്കാഡുകളിലും രേഖപ്പെടുത്തിയിട്ടുള്ളത്. അയൽ ദേശക്കാരുടെ ഗ്രാമ്യഭാഷയിൽ അരിയോട് എന്നും പറയാറുണ്ട്'*(14). അരീക്കോട് എന്നത് ദ്വിപദ ഘടനയിൽ ഉൾപ്പെടുന്നതാണ്. പഴയ ചരിത്ര രേഖകളിലെ പദത്തിന്റെ സ്പഷ്ടമായ അർത്ഥത്തെ സാധൂകരിക്കുന്ന രീതിയിലാണ് ചാവൽക്കോടിന്റെ വിവർത്തന പദരൂപം കവി സ്വീകരിച്ചിട്ടുള്ളത്.

സ്ഥല നാമങ്ങൾക്ക് ധാരാളം വ്യാഖ്യാനങ്ങൾ കണ്ടുവരുന്നു. എല്ലാ സ്ഥലനാമങ്ങൾക്കും ചരിത്രം അവകാശപ്പെടാൻ കഴിയില്ല. കൃത്യമായ അറിവുണ്ടെങ്കിൽ മാത്രമേ പ്രാദേശിക നാമങ്ങളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയൂ. സാഹിത്യ കൃതികളിൽ സ്ഥലനാമങ്ങളെ വിവർത്തന വിധേയമാക്കുമ്പോൾ ആശയക്കുഴപ്പങ്ങൾ ഉണ്ടാകാം. ഇതുവരെയുള്ള വിശകലനങ്ങളിൽ നിന്നും സ്ഥലനാമ വിവർത്തനം എത്രത്തോളം സാധ്യമാണെന്ന് വ്യക്തമാണ്. സ്ഥലനാമത്തിലെ വാച്യാർത്ഥത്തെ മാത്രമാണ് വിവർത്തന പ്രക്രിയയ്ക്ക് വിധേയമാക്കുന്നത്. ഒരുവാക്കിലെ സ്പഷ്ടമായ അർത്ഥത്തെ വിവർത്തനം ചെയ്യുമ്പോൾ ഈ വിവർത്തന പ്രക്രിയ ഹൈബ്രിഡ് ടെക്സ്റ്റ് എന്ന് വിളിക്കപ്പെടാനും സാധ്യതയുണ്ട്.

**ഗ്രന്ഥസൂചി**


ഉള്ളൂർ എസ്. പരമേശ്വരയ്യർ. 1979. *'ഗവേഷണം' ഉള്ളൂരിന്റെ പ്രബന്ധങ്ങൾ.* പുറം7. കേരള സർവകലാശാല. തിരുവനന്തപുരം. പ്രസിദ്ധീകരണ വിഭാഗം.

ഉള്ളൂർ എസ്. പരമേശ്വരയ്യർ. 1979. *'ഗവേഷണം' ഉള്ളൂരിന്റെ പ്രബന്ധങ്ങൾ.* പുറം6. തിരുവനന്തപുരം പ്രസിദ്ധീകരണ വിഭാഗം. കേരള സർവകലാശാല.

ഡോ. രാജേന്ദ്രൻ വിളക്കുടി. 2016. *കൊല്ലം ജില്ലയിലെ സ്ഥലനാമങ്ങൾ.* തിരുവനന്തപുരം. കേരള സർവകലാശാല.

കെ. മഹേശ്വരൻ നായർ. 1995. *ചട്ടമ്പിസ്വാമികൾ ജീവിതവും കൃതികളും* (കളക്റ്റഡ് വർക്ക്). പുറം 927-934. തിരുവനന്തപുരം. ഡ്യൂമ ബുക്സ്.

ആർ.ടി.പിള്ള ആൻഡ് സൺസ്. *കേരളത്തിലെ സ്ഥലനാമങ്ങൾ.* പുറം 1 23. ചാല, തിരുവനന്തപുരം. കൈരളി ദർപ്പണം.

പ്രശാന്ത് മിത്രൻ. വെള്ളി മാർച്ച് 6,2015. *കേരള പൈതൃകം.* കേരള നോളജ് ആൻഡ് ഹെറിറ്റേജ് (ബ്ലോഗ് പോസ്റ്റ് ആർട്ടിക്കിൾ).

വി.സി ശ്രീജൻ, കവിതയിൽ അങ്ങാടികൾ (ലേഖനം)

Quted by severine silva. 1963 page: *87 toponymy of canara.* bombas. popular prakashan.

ഡോ.രാജേന്ദ്രൻ വിളക്കുടി. 'കൊല്ലം ജില്ലയിലെ സ്ഥലനാമങ്ങൾ' എന്ന വിഷയത്തിൽ (കേരള സർവകലാശാല) ഗവേഷണ ബിരുദം നേടിയ പ്രബന്ധത്തിനെ ആസ്പദമാക്കി തയ്യാറാക്കിയ ലേഖനത്തിൽ നിന്ന്. എഡി. പ്രൊഫസർ പന്മന രാമചന്ദ്രൻ നായർ. *കേരള സംസ്കാര പഠനങ്ങൾ.* പുറം 188 വാല്യം1. കോട്ടയം. കറന്റ് ബുക്സ്, പുതിയ പതിപ്പ്.

അബിൻഷ എം.യു. 'ദേശവും സംസ്കാരവും മാപ്പിള സാഹിത്യത്തിൽ: മുണ്ടമ്പ്ര ഉണ്ണി മമ്മദിന്റെയും പുലിക്കോട്ടിൽ ഹൈദറിന്റെയും കൃതികൾ ആധാരമാക്കി ഒരു പഠനം' (ഗവേഷണ പ്രബന്ധം). 2015. പുറം 125. അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി

പൊന്നാനി: (ml. m. Wikipedia. Org)

ഡോ. പി.എ അബൂബക്കർ. 2018. *അറബി മലയാളം മലയാളത്തിന്റെ ക്ലാസിക്കൽ ഭാവങ്ങൾ.* പുറം 39. കൊണ്ടോട്ടി. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി.

സൈതലവി ചീരങ്ങോട്ട്. ജൂൺ 2020. *സമ്പർക്ക ഭാഷാശാസ്ത്ര പരികല്പനകളും അറബി മലയാളവും* (ലേഖനം). ഇശൽ പൈതൃകം.

അബ്ദുള്ളക്കുട്ടി.വി. 2007. *അരീക്കോടിന്റെ കിസ്സ ഒരു ഗ്രാമത്തിന്റെ സാംസ്കാരിക ചരിത്രം.* പുറം17. കോഴിക്കോട്. ലിപി പബ്ലിക്കേഷൻസ്.

**Arshida. A.T**
Reserch scholar
Department of Malayalam&Kerala studies
University of calicut
Pin :673635
E-mail: arshidaat@gmail.com
Ph: +91 8089061554
ORCID :0009-0005-0461-1372